# AUP SCHOOL VARADOOR

## ACADEMIC MASTER PLAN 2025-26



# ഉണർവ്

# <u>എ യു പി സ്കൂൾ വരദൂർ</u>

സ്കൂൾ കോഡ് :15376
യു ഡൈസ് കോഡ് : 32030200607
റവന്യൂ ജില്ല : വയനാട്
വിദ്യാഭ്യാസ ജില്ല : വയനാട്
ഉപജില്ല : സുൽത്താൻബത്തേരി
ബ്ലോക്ക് പഞ്ചായത്ത് : പൂതാടി
കുട്ടികളുടെ എണ്ണം : 401
ബോധന മാധ്യമം : മലയാളം ഇംഗ്ലീഷ്
പ്രധാന അധ്യാപിക : ഷീജ പി ഡി
പിടിഎ പ്രസിഡണ്ട് : ഷാജി സി എം

## <u>ചരിത്രം</u>

വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി ഉപജില്ലയിൽ പൂതാടി പഞ്ചായത്തിലെ 21 ആം വരദൂർ വാർഡിൽ വരദൂർ എന്ന സ്ഥലത്താണ് സ്കൂൾ സ്ഥിതി ചെയ്യുന്നത് . 1949 ഓഗസ്റ്റ് ഒന്നിനാണ് ഈ വിദ്യാലയം സ്ഥാപിതമായത് . വിദ്യാഭ്യാസ തൽപരനായ ശ്രീ വി കെ വർദ്ധമാന ഗൗഡറാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപക മാനേജർ . തുടക്കത്തിൽ 32 വിദ്യാർത്ഥികളും രണ്ട് അധ്യാപകരുമാണ് ഉണ്ടായിരുന്നത്.

ആദ്യം വിദ്യാലയം താൽക്കാലികമായി പ്രവർത്തിച്ചിരുന്നത് വരദൂരിലുള്ള ഒരു വീട്ടിലായിരുന്നു. പിന്നീട് 1950 ലാണ് ഇന്നു കാണുന്ന സ്ഥലത്തേക്ക് വിദ്യാലയം മാറിയത് . 1986 ലെ സ്ഥാപക മാനേജരുടെ മരണശേഷം മകൻ അഡ്വക്കേറ്റ് വി വി ജിനരാജൻ മാനേജരായി. ഏകദേശം രണ്ട് ഏക്കർ സ്ഥലത്താണ് വിദ്യാലയം പ്രവർത്തിച്ചുവരുന്നത് . വരദൂർ പ്രദേശത്ത് മാത്രമല്ല കണിയാമ്പറ്റ, പൂതാടി , പനമരം , പനങ്കണ്ടി കരണി തുടങ്ങിയ പ്രദേശത്തുള്ളവർക്കും വയനാടിന്റെ മറ്റുഭാഗത്തുള്ളവർക്കും ഈ സ്കൂൾ ഒരു അനുഗ്രഹമാണ് . ഒന്നു മുതൽ ഏഴാം തരം വരെയുള്ള ക്ലാസ്സുകളാണ് വിദ്യാലയത്തിൽ പ്രവർത്തിക്കുന്നത് . എൽപി രണ്ട് ഡിവിഷനും യുപി തലത്തിൽ മൂന്ന് ഡിവിഷനുമാണ് നിലവിൽ സ്കൂളിൽ പ്രവർത്തിക്കുന്നത് . വൈദ്യുതീകരിച്ച നാല് കെട്ടിടങ്ങളാണ് സ്കൂളിലുള്ളത് . ടൈലും ഗ്രാനൈറ്റും വിരിച്ച ക്ലാസ് മുറികൾ ഈ സ്കൂളിന്റെ ആകർഷണീയതയാണ്. ഹൈടെക് ക്ലാസ് മുറികൾ , സയൻസ് ലാബ് , ലൈബ്രറി , വിശാലമായ കളിസ്ഥലം, കുട്ടികൾക്ക് വൈകുന്നേരങ്ങളിൽ ഫുട്ബോൾ കോച്ചിംഗ് , റീഡിങ് റൂം , പരിസ്ഥിതി സൗഹാർദമായ അന്തരീക്ഷം , വിശാലമായ ഹാൾ , സ്റ്റേജ് , പാചകപ്പുര , കുടിവെള്ള സൗകര്യം , ടോയ്‌ലറ്റ്, സൗകര്യങ്ങൾ തുടങ്ങിയ ഭൗതിക സാഹചര്യങ്ങൾ ഈ സ്കൂളിലുണ്ട്.

വരദൂർ ബസ്റ്റാൻഡിൽ നിന്നും ഒരു കിലോമീറ്റർ ദൂരെയാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത് . യഥേഷ്ടം വാഹന സൗകര്യം ഉള്ള പാതയോരത്താണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത് . കുട്ടികൾക്ക് വാഹനസൗകര്യവും സ്കൂളിൽ ലഭ്യമാണ്.

## അക്കാദമിക നേട്ടങ്ങൾ:

- എൽഎസ്എസ്, യുഎസ്എസ് തുടങ്ങിയ സ്കോളർഷിപ്പ് പരീക്ഷകൾക്കുള്ള പരിശീലനം.
- സ്കൗട്ട് ആൻഡ് ഗൈഡ് സംഘടനയിലൂടെ പഠനോടൊപ്പം സേവനമനോഭാവം വർദ്ധിപ്പിക്കുന്നു.
- എല്ലാത്തരം ക്വിസ് മത്സരങ്ങളും സംഘടിപ്പിക്കുന്നതിലൂടെ കുട്ടികളിൽ വായന ബോധം വളരുന്നു
- വിദ്യാരംഗം കലാസാഹിത്യ വേദിയുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## പരിമിതി:

- കൂടുതലും ഗോത്ര വിഭാഗത്തിൽപ്പെട്ട കുട്ടികൾ ആയതിനാൽ പഠന പിന്നോക്ക അവസ്ഥ നേരിടുന്നു
- എല്ലാ ക്ലാസ് മുറികളിലും ഹൈടെക് നിലവാരത്തിൽ ഉള്ളതല്ല. അതിനാൽ കമ്പ്യൂട്ടർ സ്ഥാപിച്ച ലാബ് സൗകര്യം നൽകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നു.

## ഭൗതികപരമായ നേട്ടം:

- ആകെ 17 ക്ലാസുകളിൽ എൽപി 8 ക്ലാസും യുപി 9 ക്ലാസുകളും നിലവിലുണ്ട്. എല്ലാ ക്ലാസ് റൂമുകളും കുട്ടികൾക്ക് ഇരിക്കാൻ അനുയോജ്യമായ തരത്തിൽ പ്രവർത്തിക്കുന്നുണ്ട്.
- കുട്ടികൾക്ക് വായനയ്ക്ക് ആവശ്യമായ ലൈബ്രറി പ്രത്യേകമായി ഒരുക്കിയിട്ടുണ്ട്.
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായ ടോയ്ലറ്റ് സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.
- പൂന്തോട്ടം, ശലഭോദ്യാനം, ഔഷധസസ്യത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം
- സ്കൂൾ പച്ചക്കറി തോട്ടത്തിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് നൽകുന്നു.
- കുട്ടികൾക്കായി ഫുട്ബോൾ കോച്ചിംഗ് ക്യാമ്പ് നടത്തി വരുന്നുണ്ട്

## പരിമിതി:

- ഐടി ലാബ് സയൻസ് ലാബ് എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സൗകര്യക്കുറവ്.
- ലൈബ്രറിയിൽ 400 ഓളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ്പ്ലേ ചെയ്യാനുള്ള അസൗകര്യം.
- കുട്ടികൾക്ക് വിശാലമായ കളി സ്ഥലത്തിൻ്റെ പരിമിതി.

## സാമൂഹികം :

- സ്കൂളിലെ വൈവിധ്യമാർന്ന സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നത് സഹായിക്കുന്നു.
- സാമൂഹിക ശുചിത്വം , ട്രാഫിക് നിയന്ത്രണം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഏറെ മാതൃകാപരമായി നടത്തുകയും സമൂഹത്തിൽ അംഗീകാരം ലഭിക്കുന്നുണ്ട്.

## പരിമിതി:

- പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിനുള്ള സമയക്കുറവ്

# CLASS 1

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To speak read and write without any mistakes | listening reading skills speaking skills To develop listening skills and reading skills introducing simple words<br>provide picture cards<br>provides ICT | June | Class teacher | SRG parents |
| READING SKILLS | Says familiar words writing familiar words reading familiar words describing words from text book activities. | July | Class teacher<br>Parents | DIET<br>HM<br>BRC<br>AEO<br>Parents |
| Speaking skills | Enjoy songs and sings with actions describing pictures orally | August | Class teacher<br>Parents | DIET<br>HM<br>BRC<br>AEO<br>Parents |
| Writing skills | Read and write simple sentences and words | September | Class teacher | SRG<br>Parents<br>DIET<br>HM<br>BRC<br>AEO |
| ഗണിതം | | | | |
| സംഖ്യാബോധം നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന ഗണിത വാക്കുകൾ തിരിച്ചറിയുന്നു പ്രവർത്തനം സംഖ്യകൾ തിരിച്ചറിയുന്നു eg: അടുത്ത് അകലെ വലുത് ചെറുത് | സംഖ്യാ കാർഡ് തയ്യാറാക്കുന്നു അടുത്ത് അകലെ വലുത് ചെറുത് നീളം കൂടിയത് കുറഞ്ഞത് എന്നിങ്ങനെയുള്ളവ തിരിച്ചറിയുന്നു | ജൂൺ | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | എസ് ആർ ജി |
| ഗണിത കിറ്റ് തയ്യാറാക്കൽ | മഞ്ചാടി സഞ്ചി തയ്യാറാക്കൽ | ജൂലൈ | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | രക്ഷിതാക്കൾ<br>എസ് ആർ ജി |
| സംഖ്യകൾ തിരിച്ചറിയുന്നു വലിയ സംഖ്യ ,ചെറിയ സംഖ്യ | ഒന്നു മുതൽ 20 വരെ സംഖ്യഗാനങ്ങൾ തിരിച്ചറിയുന്നു | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | SRG<br>Parents<br>DIET<br>HM<br>BRC<br>AEO |
| | | | | |

| E.V.S | | | | |
|---|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിലെ വൈവിധ്യം കണ്ടെത്തുന്നു | വിവിധ തരം സസ്യങ്ങൾ പട്ടികപ്പെടുത്തുന്നു<br>വിവിധ തരം പക്ഷികളും അവയുടെ പ്രത്യേകതകളും കൂടുകളും നിരീക്ഷിക്കുന്നു<br>നിറം രുചി ആകൃതി വലുപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു<br>പഴങ്ങൾ ആരോഗ്യത്തിന് നല്ലതാണ്<br>ആഹാരങ്ങൾ രുചി നിറം ആകൃതി പാകം ചെയ്യുന്ന രീതി എന്നിവയിൽ വ്യത്യാസമുണ്ടെന്ന് തിരിച്ചറിയുന്നു<br>ലഘുപരീക്ഷണങ്ങൾ ഏർപ്പെടുന്നു | ജൂൺ | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ<br>എസ് ആർ ജി<br>രക്ഷിതാക്കൾ<br>ഡയറ്റ്<br>എ ഇ ഒ<br>ബി ആർ സി |
| പൂക്കളുടെ പ്രത്യേകത നിരീക്ഷണം | വിവിധ പൂക്കൾ നിറം മണം ചെടി എന്നിവയുടെ പ്രത്യേകത തിരിച്ചറിയുന്നു | ജൂലൈ | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | എസ് ആർ ജി<br>രക്ഷിതാക്കൾ<br>ഡയറ്റ്<br>എ ഇ ഒ<br>ബി ആർ സി |
| വളർത്തുമൃഗങ്ങൾ നിരീക്ഷണം | വളർത്തുമൃഗങ്ങൾ പ്രത്യേകത ഉപകാരങ്ങൾ തിരിച്ചറിയുന്നു | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ<br>എസ് ആർ ജി<br>രക്ഷിതാക്കൾ<br>ഡയറ്റ്<br>എ ഇ ഒ<br>ബി ആർ സി |

**മേഖല – Class 2**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞു അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന് | * രണ്ടാം ക്ലാസിലെ ഒരു കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്<br><br>* ചിത്ര വായന ചിത്രകാർഡ് നിർമ്മാണം വായനക്കം ഭാഷണത്തിനു മുമ്പുള്ള ക്ലാസ് അവസരങ്ങൾ<br>* മേനി പറച്ചിൽ<br>* കഥ ഊന്നിച്ചു പറയൽ<br>* റോൾപ്ലേ<br>* കട പൂർത്തിയാക്കൽ - പറയലും എഴുതലും<br>* പാവ നാടകം<br>* ഭാഷണത്തിനുള്ള പൊതുവേദി ഒരുക്കൽ കുട്ടികളുടെ അവതരണം<br>* ഭാഷണത്തിലും വായനയിലും കുട്ടി എത്തിനിൽക്കുന്ന സ്ഥലം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു | | ക്ലാസ്സ് ടീച്ചർ<br>SRG കൺവീനർ<br>HM<br>PTA & MPTA | PTA, SRG, SMC |
| രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക | * രണ്ടാം ക്ലാസിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക<br>* ക്ലാസ് ലൈബ്രറി ഒരുക്കുന്നു<br>* കുട്ടികളുടെ പുസ്തക പരിചയം പരിപാടി | | ക്ലാസ്സ് ടീച്ചർ<br>.SRG കൺവീനർ<br>.HM<br>PTA & MPTA | PTA, SRG, SMC |

| | | | | |
|---|---|---|---|---|
| | * വായിച്ച് കരയെ ചിത്രങ്ങൾ ആക്കൽ<br><br>* വായിച്ച കഥയെ സംഭാഷണം ആക്കൽ<br><br>* വീട്ടുലൈബ്രറി എന്ന ആശയം<br><br>* വായിച്ച കഥയിൽ നിന്നും ചോദ്യങ്ങൾ ഉണ്ടാക്കൽ | | | |
| ക്ലാസിലെ എല്ലാ കുട്ടികളെയും ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവർ ആക്കുക<br><br>വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗത മാഗസിനുകൾ തയ്യാറാക്കുകയും ചെയ്യുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | * വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും മാഗസീനുകൾ തയ്യാറാക്കുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക<br><br>* വായിച്ച കഥകളിലെ കഥാപാത്രങ്ങളെ ഉപയോഗിച്ച് വിവിധ വ്യവഹാര രൂപങ്ങൾ ആക്കൽ<br><br>* കഥാപൂരണം<br><br>* ഓഡിയോ ടെക്സ്റ്റ് ഗ്രൂപ്പിൽ നൽകി കഥയുടെ ബാക്കി ഭാഗം അവതരിപ്പിക്കുന്നു<br><br>* പങ്കാളിത്ത പാഠങ്ങൾ<br><br>* ചിത്രവിവരണം | | ക്ലാസ്സ് ടീച്ചർ<br><br>. SRG കൺവീനർ<br><br>. HM<br><br>PTA & MPTA | PTA, SRG, SMC |
| കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണത്തിനുള്ള വേദിയൊരുക്കുക | * രണ്ടാം ക്ലാസിലെ കുട്ടികളുടെ 100 വരെയുള്ള സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി എന്നിവ വളർത്തുക<br><br>* എല്ലാ കുട്ടികൾക്കും ഗണിത കിറ്റ് ഉറപ്പാക്കുക ( വീട്ടിലും,സ്കൂളിലും)<br><br>* ഗണിത സാമഗ്രികൾ രക്ഷിതാക്കളെ പരിചയപ്പെടുത്തുന്നു<br><br>* ട്രൈ ഔട്ട് ശില്പശാല നടത്തുന്നു<br><br>* സംഖ്യാ കാർഡ്, ടോക്കൺ, | | ക്ലാസ്സ് ടീച്ചർ<br><br>. SRG കൺവീനർ<br><br>. HM<br><br>PTA & MPTA | PTA, SRG, SMC |

| | | | | |
|---|---|---|---|---|
| | മഞ്ചാടി,കമ്പ് കെട്ട് എന്നിവ ഗണിത രൂപീകരണത്തിന് ഉപയോഗിക്കുന്ന രീതി വീഡിയോ ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു . സമാന പ്രവർത്തനങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിക്കുന്നു<br><br>* സംഖ്യകളെ വ്യത്യസ്ഥ രീതിയിൽ വ്യാഖ്യാനിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ | | | |
| 100 വരെയുള്ള സംഖ്യ ബോധം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി എന്നിവ വളർത്തുക | * ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്<br><br>* പ്രകൃതിനടത്തം<br><br>* പോസ്റ്റർ രചന മത്സരങ്ങൾ അവതരണങ്ങൾ<br><br>* കൃഷിയിടത്തിലേക്ക്, നമുക്കും കർഷകരാകാം<br><br>* വ്യക്തി ശുചിത്വവും-ആരോഗ്യവും ചർച്ചയും അവതരണവും | | ക്ലാസ്സ് ടീച്ചർ<br><br>. SRG കൺവീനർ<br><br>. HM<br><br>PTA & MPTA | PTA, SRG, SMC |

.

**<u>മേഖല – Class 3</u>**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന ആശയം അറിഞ്ഞും ഒഴുക്കോടെയും | ക്ലാസ് ലൈബ്രറി വികസനം | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ<br>പി ടി എ | പി ടി എ |
| | വാർത്താവായന മത്സരം സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | എസ് എസ് ജി |
| | വായനാ ക്യാമ്പുകൾ | മൂന്നു മാസത്തിൽ ഒന്ന് | എസ് ആർ ജി | എസ് എസ് ജി |
| | ബാല പ്രസിദ്ധീകരണങ്ങളുടെ വായന | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>എം പി ടി എ | പിടിഎ |
| ഗണിതം | | | | |
| ജാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല,<br>ഒറിഗാമി ടാൻഗ്രാം<br>രൂപങ്ങൾ നിർമ്മാണം, പ്രദർശനം. | ജൂൺ | ക്ലാസ് ടീച്ചർ | പി ടി എ |
| ഗണിതം ലളിതം ആക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | എസ് ആർ ജി<br>ക്ലാസ് ടീച്ചർ | പിടിഎ<br>SSG |

| | | | | |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം | ആഴ്ചയിൽ 1 | ക്ലാസ് ടീച്ചർ | എസ്എസ്എ |
| പരിസര പഠനം | | | | |
| ശാസ്ത്രാവബോധം വളർത്തുക | ലഘുപരീക്ഷണങ്ങൾ കണ്ടെത്തുന്നു, കുറിപ്പ് തയ്യാറാക്കൽ | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | പിടിഎ |
| പ്രകൃതി വിഭവ സംരക്ഷണം | പ്രകൃതി നടത്തം ജലസ്രോതസ്സുകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം | ജൂലൈ - ഡിസംബർ | ക്ലാസ് ടീച്ചർ | എസ് എസ് ജി |
| ശാസ്ത്ര പരീക്ഷണങ്ങളിൽ<br><br>താല്പര്യം ജനിപ്പിക്കാൻ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br><br>പരീക്ഷണം വീട്ടിനകത്തും<br><br>ശാസ്ത്ര മാസികകൾ | ജനുവരി-മാർച്ച് | ക്ലാസ് ടീച്ചർ<br><br>എസ് എസ് ജി | പി ടി എ |
| മലയാളം | | | | |
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനും | വായനാ കാർഡുകൾ നൽകി<br><br>വായിക്കുന്നതിനും ചെറിയ കഥാസന്ദർഭങ്ങൾ, കഥ പൂർത്തിയാക്കുന്നതിനുള്ള<br><br>അവസരം നൽകൽ | ജൂൺ-ജൂലൈ | SRG<br><br>ക്ലാസ് ടീച്ചർ | ക്ലാസ് ടീച്ചർ |
| അനുയോജ്യമായ ഭാവം, ഒഴുക്ക്,അർഥം പ്രകടമാകുന്ന ഊന്നലുകൾ എന്നിവയോടെ വായിച്ച്<br><br>അവതരിപ്പിക്കുന്നതി | ബാലസാഹിത്യകൃതികൾ വായിക്കുന്നതിനും പാഠഭാഗങ്ങൾ<br><br>വായിക്കുന്നതിനും വ്യത്യസ്ത വ്യവഹാരരൂപങ്ങൾ<br><br>പരിചയപ്പെടുന്നതിനും ഉള്ള അവസരം നൽകൽ | ഓഗസ്റ്റ്-സെപ്റ്റംബർ | ക്ലാസ് ടീച്ചർ | പി ടി എ |

| | | | | |
|---|---|---|---|---|
| നും രചിക്കുന്നതിനും | | | | |
| വ്യത്യസ്ത വായന സന്ദർഭങ്ങളിലൂടെ സ്വതന്ത്ര വായനയ്ക്കും രചനയ്ക്കും അവസരമൊരുക്കുക | ഭാവാത്മകമായ കേൾവിക്ക് അവസരം നൽകുക,<br>അമ്മ വായന,സഹ വായന,<br>സഹവർത്തിത വായന എന്നിവ നടത്തുക. ചെറുകഥകൾ, കവിതകൾ ഡയറി എന്നിവ എഴുതുന്നതിനുള്ള അവസരം<br>സ്വതന്ത്രമായ<br>വായനാ സന്ദർഭം<br>രചന സന്ദർഭം എന്നിവ ഒരുക്കുക. മാഗസിൻ നിർമ്മാണം, തത്സമയ വായന,രചന എന്നിവ സംഘടിപ്പിക്കുക | ഫെബ്രുവരി-മാർച്ച് | ക്ലാസ് ടീച്ചർ<br>എം പി ടി എ<br>എസ് എസ് ജി | പി ടി എ |

## മേഖല – Class 4

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മലയാളം | | | | |
| വായനാ ശേഷി വളർത്തൽ. | വായിക്കാൻ വളരാം, ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരിക്കൽ, പുസ്തക പരിചയം. | ആവശ്യാനുസരണം. | SRG, Class teacher, HM, CPTA. | PTA. |
| എഴുത്ത് പരിപോഷിപ്പിക്കൽ. | എഴുതാൻ തെളിയാം. | വർഷം മുഴുവൻ. | SRG, Class teacher, HM, CPTA. | PTA. |
| ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ | എഴുത്തുകാരുമായി സംവദികൽ. | ആവശ്യാനുസരണം. | SRG, Class teacher, HM, | PTA. |

| | | | | |
|---|---|---|---|---|
| അടുത്തറിയൽ. | | | CPTA. | |
| നമ്മുടെ പ്രാചീന ഭക്ഷണങ്ങൾ പരിചയപ്പെടൽ. | രുചിച്ചറിയാം, ഭക്ഷ്യമേള, ക്ലാസിൽ ഒരു സദ്യ. | വർഷത്തി ലൊന്ന്. | SRG, Class teacher, HM, CPTA. | PTA. |
| ഓർമ്മ ദിനങ്ങൾ ആചരിക്കൽ. | ഓർക്കാം അഭിമാനിക്കാം- സാഹിത്യകാരൻമാർ. | ആവശ്യാനുസ രണം. | SRG, Class teacher, HM, CPTA. | PTA. |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൽ. | പ്രദേശവാസികളായ കലാകാരന്മാരുടെ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | ആവശ്യാനുസ രണം. | SRG, Class teacher, HM, CPTA | PTA. |
| ENGLISH | | | | |
| ഇംഗ്ലീഷ് ഫലപ്രദമായി എഴുതാനും വായിക്കാനും സംസാരിക്കാനും ഉള്ള കഴിവ് നേടുന്നതിന്. | ഇംഗ്ലീഷ് അസംബ്ലി. | ആഴ്ചയിൽ രണ്ടുദിവസം. | HM, Class teacher, SMC. | PTA, SMC. |
| സർഗാത്മകത പരിപോഷണം. | നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | മാസത്തിലൊ ന്ന്. | HM, Class teacher, SMC. | PTA, SMC. |
| സർഗാത്മകഥാ രചന വികാസം. | ഇംഗ്ലീഷ് തീയേറ്റർ. | മൂന്നുമാസ ത്തിൽ. | HM, Class teacher, SMC. | PTA, SMC. |
| ഇംഗ്ലീഷ് ഭാഷയിലെ രചന കഴിവ്. | ഇംഗ്ലീഷ് കൈയ്യെഴുത്ത്. | വർഷത്തിൽ ഒന്ന്. | HM, Class teacher, SMC. | PTA, SMC. |
| വായനാ പരിപോഷണം. | സ്കൂളിലെ പ്രവർത്തനങ്ങൾ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | ദിവസവും | HM, Class teacher, SMC. | PTA, SMC. |
| ഗണിതം | | | | |
| ഗണിത പഠനം രസകരമാക്കൽ. | വിവിധ കളികൾ ആസൂത്രണം ചെയ്യൽ നടപ്പാക്കൽ. | വർഷം മുഴുവൻ. | SRG, HM, Class teacher. | PTA . |
| ഗണിത പഠനം സുതാര്യമാക്കൽ,ഗണി ത ലാബ് | ഒറിഗാമിയിലൂടെ രൂപങ്ങളുടെ പഠിക്കാം. | വർഷം മുഴുവൻ. | SRG, HM, Class teacher. | PTA . |

| | | | | |
|---|---|---|---|---|
| ഉപയോഗപ്പെടുത്തൽ. | പഠനോപകരണ ശില്പശാല, ഗണിത മേള. | | | |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിത ലാബ്. | വർഷം മുഴുവൻ. | SRG, HM, Class teacher. | PTA . |
| ഗണിതശേഷികളുടെ പ്രകടനം. | ഗണിത ചുമർ പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷത്തിൽ ഒന്ന്. | SRG, HM, Class teacher. | PTA . |
| പരിസര പഠനം | | | | |
| നിരീക്ഷണം<br>അറിവ് നിർമ്മാണം. | പ്രകൃതി നടത്തം, പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ. | ആവശ്യാനുസരണം. | HM, SRG, Class teacher. | PTA. |
| ശാസ്ത്ര പഠനം ലളിതവും രസകരവും ആക്കൽ. | ശാസ്ത്ര യാത്ര, വാന നിരീക്ഷണ കേന്ദ്രം സയൻസ് പാർക്ക്. | ആവശ്യാനുസരണം. | HM, SRG, Class teacher. | PTA. |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ. | ഭൂപടം ഒരുക്കാം കേരളം, ഇന്ത്യ ഭൂപട വായന. | മൂന്നു വർഷത്തിൽ ഒന്ന്. | HM, SRG, Class teacher. | PTA. |
| ഭൂപടം വായന ഭൂപട രചന. | ശാസ്ത്ര വിസ്മയ ചുമർ ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കും. | ആവശ്യാനുസരണം. | HM, SRG, Class teacher. | PTA. |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ശാസ്ത്ര മാസിക, ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികളുടെ നിർമ്മാണം. | വർഷത്തിൽ ഒരിക്കൽ. | HM, SRG, Class teacher | PTA. |

# **<u>അറബിക്</u>**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ തിരിച്ചറിയുന്നതിനും പ്രയോഗിക്കുന്നതിനും | വായനാ കാർഡുകൾ നൽകി വായിക്കുന്നതിനും ചെറിയ കഥാസന്ദർഭങ്ങൾ, കഥ പൂർത്തിയാക്കുന്നതിനുള്ള | ജൂൺ-ജൂലൈ | SRG, ടീച്ചർ | ടീച്ചർ |

| | | | | |
|---|---|---|---|---|
| അക്ഷരങ്ങൾ,<br>ചിഹ്നങ്ങൾ എന്നിവ<br>തിരിച്ചറിയുന്നതിനും<br>പ്രയോഗിക്കുന്നതിനും | അവസരം നൽകൽ | | | |
| അനുയോജ്യമായ ഭാവം,<br>ഒഴുക്ക്,അർഥം<br>പ്രകടമാകുന്ന<br>ഊന്നലുകൾ<br>എന്നിവയോടെ വായിച്ച്<br>അവതരിപ്പിക്കുന്നതി<br>നും രചിക്കുന്നതിനും | ബാലസാഹിത്യകൃതികൾ<br>വായിക്കുന്നതിനും<br>പാഠഭാഗങ്ങൾ<br>വായിക്കുന്നതിനും വ്യത്യസ്ത<br>വ്യവഹാരരൂപങ്ങൾ<br>പരിചയപ്പെടുന്നതിനും ഉള്ള<br>അവസരം നൽകൽ | ഓഗസ്റ്റ്-<br>സെപ്റ്റംബർ | ടീച്ചർ | പി ടി എ |
| വ്യത്യസ്ത വായന<br>സന്ദർഭങ്ങളിലൂടെ<br>സ്വതന്ത്ര വായനയ്ക്കും<br>രചനയ്ക്കും<br>അവസരമൊരുക്കുക | ഭാവാത്മകമായ കേൾവിക്ക്<br>അവസരം നൽകുക,<br>അമ്മ വായന,സഹ വായന,<br>സഹവർത്തിത വായന<br>എന്നിവ നടത്തുക.<br>ചെറുകഥകൾ, കവിതകൾ<br>എന്നിവ എഴുതുന്നതിനുള്ള<br>അവസരം<br>സ്വതന്ത്രമായ<br>വായനാ സന്ദർഭം<br>രചന സന്ദർഭം എന്നിവ<br>ഒരുക്കുക. മാഗസിൻ<br>നിർമ്മാണം, തത്സമയ<br>വായന,രചന എന്നിവ<br>സംഘടിപ്പിക്കുക | ഫെബ്രുവരി-<br>മാർച്ച് | ടീച്ചർ,<br>എം പി ടി<br>എ,<br>എസ് എസ്<br>ജി | പി ടി എ |

# <u>**മേഖല മലയാളം UP**</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനപിന്നോക്കം നിൽക്കുന്ന കുട്ടികളെ മലയാള അക്ഷരം എഴുതാനും വായിക്കാനും പ്രാപ്തരാക്കുക. | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>പദ നിർമ്മാണം<br>വാക്യ നിർമ്മാണം. | 3 മാസം | മലയാളം അധ്യാപിക | |
| എല്ലാ കുട്ടികളെയും വായനക്കാർ ആക്കുക. | ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ | 6 മാസം - 1 വർഷം | മലയാളം അധ്യാപിക | |
| | ക്ലാസ്സ് ലൈബ്രറി നവീകരിക്കൽ, ക്ലാസ്സ് നിലവാരത്തിനനുസരിച്ചു പുസ്തകങ്ങൾ ലഭ്യമാക്കൽ | 3 മാസം | | |
| | സ്കൂൾ ലൈബ്രറി പ്രവർത്തനം കൂടുതൽ ശക്തമാക്കുക, വായനോത്സവം സംഘടിപ്പിക്കുക. | 1 വർഷം | | |
| പത്ര വായന പരിപോഷിപ്പിക്കുക. | ഓരോ ക്ലാസ്സിനും ഒരു പത്രം | ദിവസേന | മലയാളം അധ്യാപിക<br>വിദ്യാരംഗം ചുമതല ഉള്ള അധ്യാപിക | PTA |
| | രാവിലെ പ്രധാന വാർത്ത അവതരണം | ദിവസേന | | |
| | പത്ര ക്വിസ് നടത്തുക. | ആഴ്ചയിൽ ഒന്ന്. | | |
| സർഗ്ഗശേഷി വികസ. | വായനനനുഭവം പങ്കുവെക്കൽ. | | മലയാളം അധ്യാപിക<br>വിദ്യാരംഗം ചുമതല ഉള്ള അധ്യാപിക | PTA |
| | പുസ്തക ചർച്ച, പുസ്തകാസ്വാദനം | മാസത്തിൽ ഒന്ന് | | |
| | സാഹിത്യകാരനുമായി സംവദിക്കൽ | വർഷത്തിൽ ഒന്ന് | | |

| | | | | |
|---|---|---|---|---|
| | അമ്മമാർക്കൊരു പുസ്തകം ( വീടുകളിലേക്ക് ) | മാസത്തിൽ ഒന്ന് | | |
| | സാഹിത്യ ക്വിസ് | വർഷത്തിൽ ഒന്ന് | | |
| കുട്ടികളുടെ റേഡിയോ മാറ്റൊലി എഫ് .എം .വരദൂർ അവതരണം | കുട്ടികളുടെ റേഡിയോ മാറ്റൊലി എഫ് .എം .വരദൂർ അവതരണം | എല്ലാ അധ്യാപകരും | ദിവസേന | |
| മലയാളം ടൈപ്പിംഗ് | തിരഞ്ഞെടുത്ത കുട്ടികൾക്ക് മലയാളം കംപ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും സ്കൂൾ മാഗസിൻ തയ്യാറാക്കുകയും ചെയ്യുന്നു . | 1 വർഷം | IT ടീച്ചേർസ് | |

## <u>മേഖല ഇംഗ്ലീഷ് UP</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To encourage Listening & Speaking | Interactive storytelling sessions discussing themes, characters and plots to enhance listening skills. Group discussions and role-plays to improve speaking skills. | June - july | English Teachers | English Club |
| To encourage Reading Develop basic reading, writing, listening, and | Divide students into small groups and provide them with age-appropriate texts, such as short stories or excerpts from | August - September | English Teachers | English Club |

| | | | | |
|---|---|---|---|---|
| speaking skills. | novels. | | | |
| To develop Writing Skills | Focus on developing paragraphs and essays.<br>Teach persuasive writing techniques and<br>argumentation. | October – November | English Teachers | English Club |
| Language Games, puzzles and Activities: | To create their own poems, stories, dictionary etc and present it to the class | January - february | English Teachers | English Club |

## മേഖല ഗണിതം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിതശില്പശാല:<br><br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ് മഞ്ചാടിക്കുരു മുത്തുകൾ ഫ്ലാഷ് കാർഡ് കളി നോട്ടുകൾ എന്നിവ ഉപയോഗിക്കുന്നു.) | ജൂൺ മുതൽ ഓഗസ്റ്റ് വരെ | ഗണിത അധ്യാപകർ ഗണിത ക്ലബ്ബിലെ അംഗങ്ങൾ. | പി ടി എ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്ക്<br><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ | ആഴ്ചയിൽ ഒരു പീരിയഡ്. | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | പി ടി എ |

| | | | | |
|---|---|---|---|---|
| | നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | | | |
| ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഐ ടി സാധ്യത ഉപയോഗിച്ച് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു. | മാസത്തിൽ ഒരിക്കൽ. | ഗണിത അധ്യാപകർ. | പി ടി എ |

## <u>മേഖല സയൻസ്</u>

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചുറ്റുപ്പാടുകളിൽ നിന്ന് ശാസ്ത്രത്തെ തിരിച്ചറിയാൻ | പച്ചക്കറിത്തോട്ടം, കുളം ഔഷധസസ്യത്തോട്ടം,ശലഭ ഉദ്യോനം ഇവ ഉൾക്കൊള്ളിച്ചുകൊണ്ട് ജൈവവൈവിധ്യപാർക്ക് | അക്കാദമിക വർഷം | ശാസ്ത്രഅധ്യാപകർ, സയൻസ് ക്ലബ്,ഹെൽത്ത് ക്ലബ് | പി.ടി.എ |
| കുട്ടികളിൽ ശാസ്ത്ര അവബോധം വളർത്തുക | ഫീൽഡ് ട്രിപ്പ്, മോഡലുകൾ നിർമ്മിക്കുക, പരീക്ഷണങ്ങളിൽ ഏർപ്പെടുക | അക്കാദമിക കാലം | സയൻസ് ക്ലബ് ,ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ്, പി ടി എ |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതികവിദ്യകൾ ശാസ്ത്രപഠനത്തിൽ | ICT സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലെത്തിക്കുന്നു | അക്കാദമിക കാലം | ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ്ബ്, പി ടി എ |

| | | | | |
|---|---|---|---|---|
| പ്രയോജനപ്പെടുത്തുക | | | | |
| ആധുനികശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ആധുനികരീതിയിലുള്ള പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര മേള നടത്തുക | സെപ്തംബർ | സയൻസ് ടീച്ചേഴ്സ്, സയൻസ് ക്ലബ് | സയൻസ്ക്ലബ്ബ്,രക്ഷിതാക്കൾ |
| ശാസ്ത്ര പ്രക്രിയാശേഷി വർദ്ധിപ്പിക്കുക | ശാസ്ത്രക്ലബ്ബിൻ്റെനേതൃത്വത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെടുത്തി പ്രൊജക്റ്റ് നിർമ്മിച്ച് റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുക | അക്കാദമിക വർഷം | ശാസ്ത്ര ക്ലബ്ബ് ,ശാസ്ത്ര അധ്യാപകർ | സയൻസ് ക്ലബ് |

**മേഖല യു.പി. സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര ത്തിന്റെ അടിസ്ഥാന തല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ നേടി യെടുക്കൽ. | അങ്കത്തട്ട്- കളിയിൽ നിന്ന് കാര്യത്തിലേക്ക് സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠി താവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി. |
| പ്രകൃതി ദുരന്തങ്ങളെ ക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങ ളിൽ ഏർപ്പെടാൻ പഠി താ ക്കളെ ബോധവാ ന്മാരാ ക്കുന്നു | പ്രകൃതി താണ്ഡവം: നേർക്കാഴ്ച ഭൂകമ്പം, സുനാ മി, കൊടുങ്കാറ്റ്, വെള്ളപ്പൊ ക്കം, ഉരുൾപ്പൊട്ടൽ എന്നിവ യുടെ ഭീതിജനകമായ ദൃശ്യ ങ്ങ ളിലൂടെ പ്രകൃതി ദുരന്ത ങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമ നസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ **Demonstration** ക്ലാസുകൾ സംഘടിപ്പി ക്കുകയും രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടു ന്നതിന് പഠിതാക്കളെ ബോധ വാന്മാരാക്കുകയും ചെയ്യു ന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപ പ്പെടുത്തുക. | വിദ്യാലയത്തിൽ നിന്ന് അര ങ്ങത്തേക്ക് ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാ ക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടി സ്ഥാന തലം മനസിലാക്കു ന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| പഠിതാക്കളെ ചരി ത്രാവബോധം ഉള്ളവ രാക്കി മാറ്റിയെടുക്കു ക. | **Virtual Field Trip ICT** സാധ്യ കളുപയോഗിച്ച് ലോക ത്തിലെ ചരിത്ര പ്രാധാ ന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടി കളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |

**മേഖല യു.പി. സാമൂഹ്യശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ച്ചപ്പാട് രൂപപ്പെടു ത്തുന്നു. | കാടെവിടെ മക്കളെ ? (ഫീൽഡ് ട്രിപ്പ്, സർവ്വേ) പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർ തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| സഹജീവികളോട് സമ ഭാവന വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു.. | നന്മയുടെ നുറുങ്ങുവെട്ടം പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങ ളിൽ ആശ്വാസഹസ്തമാകുന്നു. | അക്കാദമിക വർഷം<br>. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |
| വിവരവിനിമയ സാങ്കേ തിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാ ന്മാരാക്കുന്നു. | ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പി.ടി.എ |

## മേഖല ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരബോധം ഉറപ്പിക്കൽ. അഞ്ചിൽ അക്ഷരം ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷരങ്ങൾ പരിചയപ്പെടാനും അവസരം ഒരുക്കുക. , വാക്കുകൾ നിർമ്മിക്കുക വാക്യങ്ങളുടെ നിർമ്മാണം .വായന | അക്ഷരമാല ചാർട്ട്, ഐസിടിയിൽ അക്ഷര രചന കാണിക്കൽ , അക്ഷരങ്ങൾ പരിചയപ്പെടുത്തുന്ന കളികൾ, പാഠ പുസ്തകങ്ങൾക്ക് പുറമെ കൂടുതൽ ഹിന്ദി കവിതകൾ കേൾപ്പിക്കുന്നു.വായനയിലേക്ക് ആകർഷിപ്പിക്കുന്ന മറ്റു ഹിന്ദി ചിത്രകഥകൾ ഐസിടി വഴി കാണിക്കുന്നു. | 7 മാസം | ഹിന്ദി അധ്യാപിക | **PTA** |

## മേഖല ഉർദു

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അക്ഷരങ്ങൾ പദങ്ങൾ എന്നിവ ഉറപ്പിക്കൽ | അക്ഷരം എഴുത്ത്<br>ചിഹ്നം ഉറപ്പിക്കൽ അക്ഷരമാല പ്രദർശനം ഓൺലൈൻ അക്ഷരമാല വീഡിയോ വാക്കുകൾ നിർമാണം വാക്യങ്ങളുടെ നിർമ്മാണം | ജൂൺ മുതൽ ആഗസ്റ്റ് | ഉർദു അ ദ്ധ്യാ പിക | PTA |
| ചുറ്റുപാടും കാണുന്ന വസ്തുക്കളുടെ പേരുകൾ ഉർദുവിൽ പഠിക്കു ക | പ്രകൃതി മലയാളം പാട്ടുകൾ ഉർദുവിൽ എഴുതുക ICTസഹായത്തിലൂടെവാക്കുകളുംവസ്തുക്കളും പരിചയപ്പെടാനുള്ള അവസരം | സെപ്റ്റംബർ മുതൽ ഒക്ടോബർ | ഉർദു അ ദ്ധ്യാ പിക | PTA |

| | | | | |
|---|---|---|---|---|
| സർഗാത്മക രചനകൾ വികസിപ്പിക്കാനുള്ള അവസരം | അധികവായന ലൈബ്രറി<br>ചിത്രകഥ തയ്യാറാക്കൽ<br>കഥ എഴുതൽ | നവംബർ മുതൽ ഫെബ്രുവരി | ഉർദു അദ്ധ്യാപിക | PTA |

# <u>ഉപസംഹാരം</u>

നേട്ടങ്ങളും പരിമിതികളും ഉൾ കൊണ്ട് തയ്യാറാക്കിയ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ എല്ലാ വിദ്യാർത്ഥി കൾക്കും പ്രതേകിച്ചു ഗോത്ര വിഭാഗത്തിൽപ്പെട്ട കുട്ടികളെ അക്കാദമികമായി ഉയർത്തി കൊണ്ടു വരുവാൻ ഉതകുന്ന തരത്തിൽ ആണ്.ഇതിൽ നേട്ടങ്ങൾ കൈവരിക്കാൻ കഴിയും എന്ന് പ്രതീക്ഷിച്ചു കൊണ്ട് ഞങ്ങൾ പ്രയത്നിക്കും.